ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.03.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **രാജ്യത്ത് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സജീവം. ഒന്നാം ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു.**

**Election activities are active in the country. Submission of nomination papers for phase 1 is in progress.**

2) **മദ്യനയ അഴിമതി കേസിൽ ഡൽഹി മുഖ്യമന്ത്രി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാളിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു. ഇന്ന് കോടതിയിൽ ഹാജരാക്കും.**

**Delhi Chief Minister Arvind Kejriwal has been arrested by the Enforcement Directorate in the liquor policy scam case. He will be produced in court today.**

3) **തിരഞ്ഞെടുപ്പ് ബോണ്ടുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ പുറത്തുവിട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ.**

**Election Commission released complete information related to electoral bonds.**

4) **കലാപത്തെ തുടർന്ന് കരീബിയൻ രാജ്യമായ ഹെയ്തിയിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ഓപ്പറേഷൻ ഇന്ദ്രാവതിക്ക് തുടക്കം.**

**Operation Indrawati started to evacuate Indians from the Caribbean country of Haiti following the riot.**

5) **ഇന്ന് ലോക ജലദിനം. ജലം സമാധാനത്തിന് എന്നതാണ് ഈ വർഷത്തെ പ്രമേയം.**

**Today is World Water Day. This year's theme is Water for Peace.**

6) **ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മത്സരങ്ങൾ ഇന്ന് ആരംഭിക്കും.**

**IPL Twenty-20 Cricket Season will start today.**

*********************

## ELECTION CAMPAIGN

ലോക് സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് രാജ്യത്ത് പ്രചാരണ പ്രവർത്തനങ്ങൾ മുന്നോട്ട്. വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. കേരളത്തിൽ സ്ഥാനാർത്ഥികൾ മണ്ഡലങ്ങളിൽ പ്രചാരണ തിരക്കിലാണ്.

*********************

## ELECTION

ലോക് സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. ആദ്യഘട്ടം തിരഞ്ഞെടുപ്പ് നടക്കുന്ന 17 സംസ്ഥാനങ്ങളിലും നാല് കേന്ദ്ര ഭരണപ്രദേശങ്ങളിലുമായി നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്നലെ ആരംഭിച്ചു. 102 മണ്ഡലങ്ങളിൽ ഏപ്രിൽ 19 നാണ് തിരഞ്ഞെടുപ്പ്. ഈ മാസം 27 വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. ബിഹാറിൽ 28 നാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന ദിവസം. അരുണാചൽ പ്രദേശ്, സിക്കിം, നിയമസഭകളിലേക്കും തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

*********************

## KEJRIWAL ARREST

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രി വാളിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തു. മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലാണ് അറസ്റ്റ് .ഒൻപത് തവണ സമൻസ് അയച്ചിട്ടും കെജ് രിവാൾ ഇഡിക്ക് മുന്നിൽ ഹാജരാകാതെ ഒഴിഞ്ഞുമാറിയ സാഹചര്യത്തിലാണ് അറസ്റ്റ്. അറസ്റ്റിൽ നിന്നും സംരക്ഷണം തേടി ശ്രീ കെജ് രിവാൾ ഡൽഹി ഹൈക്കോടതിയെ സമീപിച്ചെങ്കിലും അനുകൂല ഉത്തരവ് ലഭിച്ചിരുന്നില്ല. പിന്നാലെ അദ്ദേഹത്തിന്റെ വസതിയിലെത്തിയ ഇഡി ഉദ്യോഗസ്ഥർ ഇന്നലെ രാത്രിയോടെ ശ്രീ അരവിന്ദ് കെജ് രിവാളിനെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

ഇന്ന് അദ്ദേഹത്തെ കോടതിയിൽ ഹാജാരാക്കുമെന്നാണ് കരുതുന്നത്. അഴിമതിയുടെ കാലഘട്ടം അവസാനിച്ചെന്ന് ബിജെപി പ്രതികരിച്ചപ്പോൾ പ്രതിപക്ഷ നേതാക്കളായ രാഹുൽ ഗാന്ധി മല്ലികാർജ്ജുന ഖാർഗെ സീതാറാം യെച്ചൂരി തുടങ്ങിയവർ ശ്രീ കെജ് രിവാളിന്റെ അറസ്റ്റിനെ വിമർശിച്ചു.

*********************

## ECI – ELECTORAL BONDS

തിരഞ്ഞെടുപ്പ് ബോണ്ടുമായി ബന്ധപ്പെട്ട പൂർണ്ണ വിവരങ്ങൾ പുറത്തുവിട്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ. സുപ്രീംകോടതി നിർദ്ദേശ പ്രകാരമാണിത്. സംഭാവന നൽകിയവരുടെ പേര് വിവരങ്ങളും സംഭാവന ലഭിച്ചവരുടെ വിവരങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിൽ പരസ്യപ്പെടുത്തി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയ വിവരങ്ങളാണ് പരസ്യപ്പെടുത്തിയത്. തിരഞ്ഞെടുപ്പ് ബോണ്ട് വിൽക്കാൻ എസ്.ബി.ഐ യ്ക്ക് മാത്രമാണ് അനുമതി ഉണ്ടായിരുന്നത്.

*********************

## MAHA LS SEATS

ഉത്തർപ്രദേശ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ലോക് സഭാ സീറ്റുകളുള്ള സംസ്ഥാനമാണ് മഹാരാഷ്ട്ര. ആകെ 48 സീറ്റുകൾ ഉള്ളതിൽ അഞ്ച് സീറ്റ് പട്ടികജാതി വിഭാഗങ്ങൾക്കും 4 എണ്ണം പട്ടികവർഗ്ഗക്കാർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഏപ്രിൽ 19 മുതൽ മേയ് 20 വരെ അഞ്ച് ഘട്ടങ്ങളിലായാണ് സംസ്ഥാനത്ത് ഇത്തവണ തിരഞ്ഞെടുപ്പ് നടക്കുന്നത്. രണ്ടാം ഘട്ടത്തിൽ അകോല വെസ്റ്റ് മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പും നടക്കും. ശ്രീ പിയൂഷ് ഗോയൽ, നിതിൻ ഗഡ്കരി, ഡോ. ഭാരതി പവാർ തുടങ്ങിയവർ ബിജെപി പട്ടികയിൽ ഇടംപിടിച്ചപ്പോൾ കോൺഗ്രസ് പ്രഖ്യാപിച്ച 7 സ്ഥാനാർത്ഥികളിൽ ഷാഹു ഷഹാജി ചത്രപതിയും ഉൾപ്പെടുന്നു.

*********************

**CONGRESS- LIST**

ലോക്സഭാ തെരഞ്ഞെടുപ്പിനായി 57 സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി കോൺഗ്രസ്. അരുണാചൽ പ്രദേശ് മുൻ മുഖ്യമന്ത്രി നബം തുക്കി അരുണാചൽ വെസ്റ്റിൽ നിന്നും പുതുച്ചേരി മുഖ്യമന്ത്രി വൈത്തിലിംഗം പുതുച്ചേരിയിൽ നിന്നും മത്സരിക്കും. പശ്ചിമ ബംഗാളിലെ ബഹരംപൂരിൽ ലോക്സഭ അംഗവും കോൺഗ്രസ് നേതാവുമായ അധീർ രഞ്ജൻ ചൗധരിയാണ് സ്ഥാനാർഥി.

*********************

**WORLD WATER DAY - (INTRO)**

ഇന്ന് ലോക ജല ദിനം. ഓരോ തുള്ളി വെള്ളവും സൂക്ഷിച്ച് ഉപയോഗിക്കേണ്ടതിനെ കുറിച്ച് ആഗോള തലത്തിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ജലം സമാധാനത്തിന് എന്നതാണ് ഈ വർഷത്തെ ലോക ജല ദിനത്തിന്റെ പ്രമേയം.

**ഒരു റിപ്പോർട്ട്...**

**(VOICE......)**

സംസ്ഥാനം കടുത്ത ചൂടിനെ നേരിടുന്ന ഘട്ടത്തിലാണ് ഇത്തവണ ലോക ജല ദിനം വന്നെത്തുന്നത്.പലയിടത്തും ജലക്ഷാമം അനുഭവപ്പെടുമ്പോൾ ജലം അമൂല്യമാണെന്ന ഓർമ്മപ്പെടുത്തലാണ് ഈ ദിനം നൽകുന്നത്.എല്ലാ വർഷവും മാർച്ച് 22 നാണു ലോക ജല ദിനം ആയി ആചരിക്കുന്നത്. 1992 ൽ റിയോ ഡി ജനീറോയിൽ വെച്ച് നടന്ന ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതിയും വികസനവും സംബന്ധിച്ച സമ്മേളനത്തിലാണ് ജലദിനം എന്ന ആശയം ആദ്യമായി ഉയർന്നു വന്നത്.ശുദ്ധജലത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ചും അതിൻ്റെ ബുദ്ധിപരമായ വിനിയോഗത്തെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്താൻ ഒരു ദിനം വേണമെന്ന നിർദ്ദേശത്തെ തുടർന്നാണ് 1993 മുതൽ മാർച്ച് 22 ലോക ജലദിനമായി ആചരിക്കാൻ തീരുമാനിച്ചത്.ലോകത്താകമാനം ശുദ്ധ ജലത്തിൻ്റെ അളവ് കുറഞ്ഞു വരികയാണ്.ജലം

മലിനപ്പെടുന്നതും വർധിക്കുന്നു.ആഗോള താപനവും കാലാവസ്ഥ വ്യതിയാനവുമെല്ലാം ജല ലഭ്യതയ്ക്ക് നേരെ ഉയരുന്ന വെല്ലുവിളികൾ ആണ്.ജലത്തിൻ്റെ പ്രാധാന്യത്തെയും സംഭരണത്തെയും കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ട് നിരവധി പരിപാടികളാണ് ഇന്നേ ദിവസം ലോകമെമ്പാടും സംഘടിപ്പിച്ചിട്ടുള്ളത്.

ന്യൂസ് ഡെസ്ക്, ആകാശവാണി....

*********************

## INDIA- INDRAVATI

അക്രമങ്ങൾ അധികരിച്ചതിനെ തുടർന്ന് കരീബിയൻ രാജ്യമായ ഹെയ്തിയിൽ നിന്ന് ഓപ്പറേഷൻ ഇന്ദ്രാവതി എന്ന പേരിൽ ഇന്ത്യക്കാരെ ഒഴിപ്പിക്കൽ നടപടി ആരംഭിച്ചു. ഇന്നലെ 12 ഇന്ത്യക്കാരെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലേക്ക് മാറ്റിയതായി വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ പറഞ്ഞു. വിദേശത്തുള്ള ഇന്ത്യക്കാരുടെ സുരക്ഷയ്ക്ക് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി അറിയിച്ചു.

*********************

## IPL

ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസൺ മത്സരങ്ങൾ ഇന്ന് ആരംഭിക്കും. ചെന്നൈയിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. അതിനിടെ, ഐപിഎല്ലിൽ ചെന്നൈ സൂപ്പർ കിങ്സിന്റെ ക്യാപ്റ്റൻ സ്ഥാനം മഹേന്ദ്ര സിങ് ധോണി ഒഴിഞ്ഞു. ഋതുരാജ് ഗെയ്ക്ക് വാദാണ് പുതിയ ക്യാപ്റ്റൻ.

*********************

## FIFA - (INTRO)

ഫിഫ യോഗ്യത ഇന്ത്യ അഗ്ഫാൻ മത്സരം ഗോൾ രഹിത സമനിലയിൽ..

**വിശദാംശങ്ങളുമായി ആകാശവാണി**

**പ്രതിനിധി സുരേഷ് എടപ്പാൾ ....**

(VOICE.......)

*********************

## NT. SWISS OPEN BADMINTON

സ്വിസ് ഓപ്പൺ ബാഡ്മിൻ്റണിൽ ഇന്ത്യയുടെ പ്രിയാൻഷു രജാവത് ക്വാർട്ടർ ഫൈനലിലേക്ക് കടന്നു. പുരുഷ സിംഗിൾസ് പ്രീക്വാർട്ടറിൽ ചൈനയുടെ ലാൻഷി ലെയ്‌യെ നേരിട്ടുള്ള സെറ്റുകൾക്കാണ് പ്രിയാൻഷു രജാവത് പരാജയപ്പെടുത്തിയത്. സ്കോർ 21-14, 21-13. നേരത്തെ, വനിതാ ഡബിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ ഗായത്രി ഗോപിചന്ദും ട്രീസ ജോളിയും ക്വാർട്ടർ ഫൈനലിൽ കടന്നിരുന്നു. ഇന്ത്യൻ താരങ്ങളായ കിഡംബി ശ്രീകാന്ത്, പ്രിയാൻഷു രജാവത്ത്, കിരൺ ജോർജ് എന്നിവർ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ന് മത്സരിക്കും.

*********************

## IOC- FLAG BEARERS

2024 ലെ പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ പതാക വാഹകനായി അജന്ത ശരത് കമലിനെ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രഖ്യാപിച്ചു. ഒളിമ്പിക് വെങ്കല മെഡൽ ജേതാവും ബോക്സിംഗ് ലോക ചാമ്പ്യനുമായ മേരി കോം ഷെഫ് ദ മിഷനായും ആറ് തവണ ഒളിമ്പ്യനും വിൻ്റർ ഒളിമ്പിക് ഗെയിംസിലെ ല്യൂജിൽ മത്സരിച്ച ആദ്യ ഇന്ത്യൻ പ്രതിനിധിയുമായ ശിവ കേശവൻ ഡെപ്യൂട്ടി ഷെഫ് ദ മിഷൻ ആയും പ്രവർത്തിക്കുമെന്ന് ഐഒസി അറിയിച്ചു. ഗഗൻ നാരംഗ് ഇന്ത്യൻ ഷൂട്ടിംഗ് ടീമിൻ്റെ ചുമതല വഹിക്കും. ഡോ. ദിൻഷോ പർദീവാലയെ ചീഫ് മെഡിക്കൽ ഓഫീസറാകും. നിയമനങ്ങൾ അനുഭവം, വൈദഗ്ദ്ധ്യം, നേതൃത്വം എന്നിവയുടെ പശ്ചാത്തലത്തിലാണെന്നും ഇത് ആഗോള തലത്തിൽ ഇന്ത്യൻ കായികതാരങ്ങളുടെ വിജയത്തിന് ഗണ്യമായ സംഭാവന നൽകുമെന്നും ഐഒസി കൂട്ടിച്ചേർത്തു.

*********************

## NIA CHARGE SHEET

ഗൂഢാലോചന, സ്ഫോടകവസ്തു നിർമ്മാണം, ഇസ്ലാമിക് സ്റ്റേറ്റിനായി ധനശേഖരണം എന്നീ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട മൂന്ന് പേർക്കെതിരെ എൻ.ഐ.എ കുറ്റപത്രം

നൽകി. ന്യൂഡൽഹി പാട്യാല ഹൗസ് പ്രത്യേക എൻ.ഐ.എ കോടതിയിലാണ് കുറ്റപത്രം നൽകിയത്. ഇന്ത്യാ വിരുദ്ധ പ്രചാരണം നടത്തിവരികയായിരുന്നു മൂന്നു പേരും എന്ന് എൻ.ഐ.എ അറിയിച്ചു.
*********************

## NAVY VEERAM

സൈനികർക്ക് താമസിക്കാനുള്ള വീരം ബ്ലോക്ക് വിശാഖപട്ടണത്തിൽ നാവികസേനാ മേധാവി അഡ്മിറൽ ആർ ഹരികുമാർ ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസത്തെ സന്ദർശനത്തിനാണ് അദ്ദേഹം വിശാഖപട്ടണത്തിൽ എത്തിയത്. വീരം ബ്ലോക്കിൽ ബയോഗ്യാസ് പ്ലാന്റ്, ജിംനേഷ്യം, വായനശാല തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്.
*********************

## RESERVE BANK

സർക്കാർ പണമിടപാടുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എല്ലാ ബാങ്കുകൾക്കും മാർച്ച് 31-ഞായറാഴ്ച പ്രവൃത്തി ദിവസമായിരിക്കുമെന്ന് റിസർവ് ബാങ്ക്. ഇത് സംബന്ധിച്ച സർക്കാർ അഭ്യർത്ഥന പരിഗണിച്ചാണ് ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയത്.
*********************

## KOCHI

ലോക്സഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പോളിംഗ് ഉദ്യോഗസ്ഥരുടെ നിയമന വിവരങ്ങൾ അപ്‌ലോഡ് ചെയ്യേണ്ട ഓർഡർ സോഫ്റ്റ് വെയറിൽ മാർച്ച് 23-നകം ജീവനക്കാരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യാത്ത സ്ഥാപന മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് എറണാകുളം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളും കേന്ദ്ര സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളും order.ceo.kerala.gov.in എന്ന സൈറ്റ് മുഖേന ഓർഡർ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു.
*********************************************